**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 237** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി പ്രത്യേക പദ്ധതി നിലവിലുണ്ടോയെന്നറിയിക്കാമോ; | (എ) | ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി പ്രത്യേക പദ്ധതി ഫിഷറീസ് വകുപ്പ വഴി നിലവിൽ നടപ്പിലാക്കുന്നില്ല. എന്നാൽ ഫിഷർമെൻ കോളനികളിലെ കാലപ്പഴക്കം ചെന്നതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായി ഭവനം ഒന്നിന് 4 ലക്ഷം രൂപ നിരക്കിൽ 184 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായി 736 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇല്ലെങ്കിൽ, കടലോരത്തെ ഉപ്പുകാറ്റ് അടക്കമുള്ള പ്രതികൂല സാഹചര്യത്തിൽ മത്സ്യത്തൊഴിലാളി ഭവനങ്ങൾക്ക് അടിയ്ക്കടി കേടുപാടുകൾ സംഭവിക്കുന്നത് കണക്കിലെടുത്ത് അവരുടെ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; | (ബി) | തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് ഉപ്പുകാറ്റ് അടക്കമുള്ള പ്രതികൂല സാഹചര്യങ്ങൾ മൂലം കേടുപാടുകൾ സംഭവിക്കാറുണ്ട്. ഇത് കണക്കിലെടുത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിനായി "പുനർഗേഹം" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. എന്നിരുന്നാലും മത്സ്യത്തൊഴിലാളികൾ താമസിച്ചു വരുന്ന ഫിഷർമെൻ കോളനികളിലെ വാസയോഗ്യമല്ലാത്ത ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായി ഭവനം ഒന്നിന് 4 ലക്ഷം രൂപ നിരക്കിൽ 184 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായി 736 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ? | (സി) | ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ ഫിഷറീസ് വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നില്ല. ഫിഷർമെൻ കോളനികളിലെ വാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിക്കുന്ന പദ്ധതി മാത്രമാണ് നിലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഒരു വീടിന്റെ പുനർനിർമ്മാണത്തിനായി 4 ലക്ഷം രൂപ മൂന്ന് ഗഡുക്കളായി അനുവദിച്ച് നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഭവന അറ്റകുറ്റപ്പണികൾക്കായി ഒരു ലക്ഷം രൂപ അനുവദിച്ച് നൽകുന്ന പദ്ധതിയും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ